കേരള സർക്കാർ
ധനകാര്യ (ബജറ്റ് വിംഗ്-എ) വകുപ്പ്

## സർക്കുലർ

സർക്കുലർ നം. 37/16/ധന

തീയതി: 22/04/2016

വിഷയം: ധനകാര്യ വകുപ്പ്- ബാലസാന്ത്വനം- 2014- അർബുദ ബാധിതരായ കുട്ടികളുടെ ചികിത്സാ ചെലവുകൾക്കായി സന്നദ്ധരായ സർക്കാർ/ പൊതുമേഖലാ/ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്ന തുക ഒടുക്കുവാനുളള ശീർഷകം വ്യക്തമാക്കി നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:
1. ജി.ഒ.(പി) നം.575/2014/ധന തീയതി 23/12/2014.
2. ജി.ഒ.(ആർ.ടി) നം.1714/2015/ധന തീയതി 02/03/2015.

അർബുദ ബാധിതരായ കുട്ടികളുടെ ചികിത്സാ ചെലവുകൾക്കായി സന്നദ്ധരായ സർക്കാർ/ പൊതുമേഖലാ/ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മാസ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്ന ഒരു നിശ്ചിത തുക റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സയിൽ കഴിയുന്ന കുട്ടികളുടെ ചികിത്സാ ചെലവുകൾക്കായി ഉപയോഗിക്കുന്നതിലേയ്ക്കായി "*ബാലസാന്ത്വനം 2014*" എന്ന പദ്ധതിക്ക് പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപം നൽകിയിട്ടുണ്ട്.

പരാമർശം 2-ൽ സൂചിപ്പിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരം ബാലസാന്ത്വനം പദ്ധതിയ്ക്ക്, സന്നദ്ധരായ സർക്കാർ/ പൊതുമേഖലാ/ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്ന തുക ഒടുക്കുന്നതിനും അർഹരായ ഗുണഭോക്താക്കൾക്ക് തുക അനുവദിച്ച് നല്കുന്നതിനും സംസ്ഥാന ബജറ്റിലെ പൊതു കണക്കിനത്തിൻ കീഴിൽ (Public Account of the State Government) '8658-00-102-96-32-Contribution of State Government employees towards Children cancer treatment scheme (Balasanthwanam 2014)' എന്ന ശീർഷകം തുറന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബാലസാന്ത്വനം പദ്ധതിക്കായി സന്നദ്ധരായ സർക്കാർ/ പൊതുമേഖലാ/ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മാസ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്ന തുക '8658-00-102-96-32-Contribution of State Government employees towards Children cancer treatment scheme (Balasanthwanam 2014)' എന്ന ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

ഡോ:കെ.എം.എബ്രഹാം
അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

പകർപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് തലവന്മാർക്കും.
നോഡൽ ഓഫീസർ www.finance.kerala.gov.in
കരുതൽ കോപ്പി/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

Signature valid

Digitally signed by ANILKUMAR S
Date: 2016.04.28 07:45:38 PDT
Reason: Approved